LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 ഫെബ്രുവരി 9, ബുധൻ

വാല്യം: 124] ഔദ്യോഗിക റിപ്പോർട്ട് നമ്പർ 10

നിയമസഭ 2005 ഫെബ്രുവരി മാസം 9-ാം തീയതി ബുധനാഴ്ച്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാണ്മുലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ 178

സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ നടപടി

1(*178) ഡോ. തോമസ് ഐസക് :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. മത്തായി ചാക്കോ :
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ;

(സി) പരിഷ്കരണ നടപടികളും ചെലവ് കുറയ്ക്കലും കൊണ്ട് ധനസ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഭരണ നവീകരണവും സാമ്പത്തിക പരിഷ്കരണങ്ങളുമായി ബന്ധപ്പെട്ട് ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ,

(എ) സാമ്പത്തികസ്ഥിതി മെച്ചമായിക്കൊണ്ടിരിക്കുന്നു.

(ബി) ഇല്ല.

(സി) ഉണ്ട്. കരാറുകാർക്ക് നൽകുവാനുണ്ടായിരുന്ന കുടിശിക, ശമ്പള കുടിശിക, സ്കൂൾ ഉച്ചക്ഷേണ പരിപാടിയുടെ കുടിശിക, സാമൂഹ്യക്ഷേമ പെൻഷനുകളുടെ കുടിശിക എന്നിവ നൽകിക്കഴിഞ്ഞു. സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം ഏതാണ്ട് പൂർണ്ണമായി തിരികെ നൽകി. സർക്കാർ ഉദ്യോഗസ്ഥർക്കും പെൻഷൻകാർക്കും 1-1-2003 വരെയുള്ള ഡി.എ./ഡി.ആർ. നൽകിക്കഴിഞ്ഞു. 1-7-2003 മുതലുള്ള ഡി.എ/ഡി.ആർ. ഏപ്രിൽ 2005-ൽ നൽകാൻ ഉത്തരവിറക്കിക്കഴിഞ്ഞു. റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കുടിശികയിടാതെ അപ്പപ്പോൾ നൽകുന്നുണ്ട്. സർക്കാർ ഉദ്യോഗസ്ഥൻമാരുടെ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചു. ഇതെല്ലാമായിരുന്നിട്ടും വികസന പ്രവർത്തനങ്ങൾക്കൊന്നും ഭംഗം നേരിട്ടിട്ടില്ല.

(ഡി) 2003 ഡിസംബർ 5 മുതൽ ധനസംബന്ധമായ ഉത്തരവാദിത്ത നിയമവും ഗ്യാരന്റികളുടെ പരമാവധി നിയമവും പ്രാബല്യത്തിൽ വരുത്തി. അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിച്ചു. പൊതുമേഖലാസ്ഥാപനങ്ങളുടെ പുനഃസംഘടനാനടപടികൾ സ്വീകരിച്ചു. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളിൽ തീരുമാനം എടുത്തു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കണക്കുകളുടെ സൂക്ഷിപ്പും ആഡിറ്റും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. വോട്ട് ഓൺ അക്കൗണ്ട് ഒഴിവാക്കി പൂർണ്ണ ബഡ്ജറ്റ് പാസാക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഉപധനാഭ്യർത്ഥനകളുടെ എണ്ണം വർഷത്തിൽ രണ്ടായി കുറയ്ക്കാൻ തീരുമാനിച്ചു. അക്കൗണ്ടന്റ് ജനറലിന്റെ ധനകാര്യ കണക്കുകൾ ഓരോ വർഷവും താമസംവിനാ നിയമസഭയിൽ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ബാധ്യതാ മാനേജ്മെന്റ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചു. ചെലവ് നിർവ്വഹിക്കുന്ന വകുപ്പുകൾക്ക് ഫണ്ട് മുൻകൂർ നിശ്ചയിച്ച് ആവശ്യാനുസരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പലിശയിനത്തിൽ ഉള്ള ബാദ്ധ്യത കുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച Debt Swap Scheme-ൽ പങ്കാളികളായിട്ടുള്ളതു കൂടാതെ Consolidated Sinking Fund പുനരുജ്ജീവിപ്പിക്കാനും നടപടിയെടുത്തിട്ടുണ്ട്.

ഡോ. തോമസ് ഐസക്: സർ, വളരെ വിചിത്രമായിട്ടുള്ള ഒരു മറുപടിയാണ് ഇപ്പോൾ ധനകാര്യമന്ത്രി സഭയ്ക്ക് നൽകിയിട്ടുള്ളത്. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച വേളയിലൊക്കെ അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത് പരിമിതികളെക്കുറിച്ചായിരുന്നു. ഇന്നിപ്പോൾ ഈ ചോദ്യത്തിന് ഉത്തരമായി നൽകിയിരിക്കുന്നത് സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ല എന്നാണ്. അക്കൗണ്ടന്റ് ജനറലിന്റെ Accounts at a Glance-ൽ, number of days on which minimum balance was maintained without obtaining advance-33, number of days on which overdraft was taken-177- മിനിമം ബാലൻസ് ഉണ്ടായിരുന്ന ദിവസങ്ങൾ സംബന്ധിച്ച് ഇതാണ് ഞങ്ങൾക്ക് തന്നിട്ടുള്ള കണക്ക്. 2675 കോടി രൂപ റവന്യൂ കമ്മി കുറയ്ക്കും എന്ന് ലക്ഷ്യമിട്ടത് ഇപ്പോൾ 4000-ൽപ്പരമായി. എന്താണ് സാമ്പത്തിക പ്രതിസന്ധി ഇല്ല എന്നുപറയുന്നതിൽ നിന്ന് അങ്ങ് അർത്ഥമാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അദ്ദേഹത്തിന്റേത് ഒരു ജനറൽ കമന്റാണ്. ഓവർഡ്രാഫ്റ്റ് ഉണ്ടായിട്ടുണ്ട്., പക്ഷെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായതുപോലെ ട്രഷറി അടച്ചിട്ടില്ല. കാര്യങ്ങളെല്ലാം ഭംഗിയായി നടക്കുന്നുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് ഒരു കുഴപ്പവും ഇതുവരെ ഉണ്ടായിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെന്നുള്ളത് എന്റെ ബജറ്റ് പ്രസംഗത്തിൽ തന്നെ പറഞ്ഞതാണ്. സാമ്പത്തിക സ്ഥിതി അത്ര വലിയ മെച്ചമൊന്നുമല്ല എന്നുകരുതി ഭരണത്തിന് ഇത് ഒരു തടസ്സമായി വരാതെ ധനകാര്യവകുപ്പ് നോക്കുന്നുണ്ട്.

ഡോ. തോമസ് ഐസക്: സർ, ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ ആണെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി തുടർച്ചയായി സാമ്പത്തിക പ്രതിസന്ധി ഈ സംസ്ഥാനത്തില്ല എന്നുപറയുന്നത്, ന്യായമായി ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്രത്തിൽനിന്ന് കിട്ടുന്ന വിഹിതത്തിന് തടസ്സമായി വരുമെന്നാണ് ഞങ്ങളുടെ ഭയം. അങ്ങയോടുള്ള എന്റെ ചോദ്യം 12-ാം ധനകാര്യ കമ്മീഷന്റെ തീർപ്പുപ്രകാരം നിങ്ങൾ ഉദ്ദേശിച്ചത് 4 ശതമാനം കേന്ദ്രവിഹിതം കിട്ടുമെന്നാണ്. എന്നാൽ കിട്ടിയിട്ടുള്ളത് 2.7 ശതമാനമാണ്. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ബഡ്ജറ്റിൽ നൽകിയ കണക്കിനെ എങ്ങനെ ബാധിക്കുമെന്ന് അങ്ങ് വ്യക്തമാക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, വളരെ ദീർഘമായ മറുപടി പറയേണ്ട ഒരു ചോദ്യമാണ് അദ്ദേഹം ചോദിച്ചത്. മണ്ണാമത് പറഞ്ഞ കാര്യം 12-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടനുസരിച്ച് നമുക്ക് പ്രതീക്ഷിച്ച രീതിയിൽ ആനുകൂല്യം ഇല്ല എന്നുള്ളത് ഒരു സത്യമാണ്. അവർ ഈ അടുത്ത കാലത്തായി സ്വീകരിച്ചുവരുന്ന മാനദണ്ഡം പിന്നോക്കാവസ്ഥയ്ക്ക് കൂടുതൽ മുൻതൂക്കം നൽകുക എന്നുള്ളതാണ്. സോഷ്യൽ സെക്ടറിൽ മറ്റു സംസ്ഥാനങ്ങളെക്കാൾ വളരെ പുരോഗതി നേടിയ ഒരു സംസ്ഥാനമാണ് നമ്മുടേത്. അതിന് നമ്മളെ ശിക്ഷിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ 12-ാം ധനകാര്യ കമ്മീഷന്റെ മുമ്പിൽ ഞാനും മുഖ്യമന്ത്രിയും പോയപ്പോൾ പറഞ്ഞ ഒരു റിക്വസ്റ്റ് അതാണ്. 'നമ്മുടെ സംസ്ഥാനത്ത് ഈ രംഗത്ത് കൂടുതൽ പുരോഗതി ഉണ്ടാക്കിയതിന് ഞങ്ങളെ ശിക്ഷിക്കരുത്', ആ വാക്ക് തന്നെ നമ്മൾ ഉപയോഗിച്ചു. പക്ഷെ അവർ സ്വീകരിച്ചിരിക്കുന്നത് കേരളത്തിന് മാത്രമല്ല, ഏതെല്ലാം സംസ്ഥാനങ്ങളിൽ സോഷ്യൽ സെക്ടറിൽ കൂടുതൽ പുരോഗതിയുണ്ടായിട്ടുണ്ടോ അവർക്കെല്ലാം ഇതുപോലെ വളരെക്കുറച്ചാണ് ഇപ്പോൾ അവാർഡ് നൽകിയിരിക്കുന്നത്. പിന്നെ കേരളത്തിലെ ചിത്രം ഞാൻ നല്ലതുപോലെ വരച്ചുകാണിച്ചില്ല. ബഡ്ജറ്റിൽപ്പോലും ഞാൻ പറഞ്ഞതാണ്, യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്ന ആ ഒരു സാമ്പത്തിക പ്രതിസന്ധി നമുക്കെല്ലാവർക്കും അറിയാം, ഒന്നിനും കാശ് കൊടുക്കാൻ ഇല്ലായിരുന്നു. ചായപോലും കിട്ടാതായി, ടിക്കറ്റുപോലും തരാത്ത സ്ഥിതിയായി. ആ സ്ഥിതി മാറിയിട്ട് നമുക്ക് വളരെ മെച്ചപ്പെടുത്താൻ കഴിഞ്ഞു. എന്റെ ഉത്തരം തന്നെ അതാണ്, മെച്ചപ്പെടുത്താൻ നമുക്ക് കഴിഞ്ഞു.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ: സർ, സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ സാധിച്ചു എന്ന് ധനകാര്യവകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി. കഴിഞ്ഞ നാല് ബഡ്ജറ്റുകളിലൂടെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിട്ടുള്ള അധികവിഭവ സമാഹരണത്തിന്റെ ഭാഗമായി ഏതു മേഖലയിലാണ് ഈ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ വേണ്ടിയിട്ടുള്ള സമാഹരണം നടന്നിട്ടുള്ളത്?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, സാമ്പത്തിക നിയന്ത്രണം കൊണ്ടാണ്. നിങ്ങളുടെ ഭരണകാലത്ത്, എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് 23,000 കോടി രൂപ കടമായതുകൊണ്ടല്ല ആ കുഴപ്പം ഉണ്ടായത്. മിസ്മാനേജ്മെന്റ് കൊണ്ടാണ്. സാമ്പത്തിക മാനേജ്മെന്റിൽ ഉണ്ടായിരുന്ന കുഴപ്പംകൊണ്ടാണ് അന്ന് ഈ രീതിയിലുള്ള പ്രതിസന്ധിയെല്ലാം ഉണ്ടായത്. ഇപ്പോൾ കടം അതിനെക്കാൾ കൂടുതലാണ് എന്നുവിചാരിച്ച് ഞങ്ങൾ ഭരണത്തിൽ ഒരു തടസ്സവും ഉണ്ടാക്കുന്നില്ല. എല്ലാം ഭംഗിയായി നടക്കുന്നുണ്ട്. നിങ്ങൾ വരുത്തിവച്ച കടങ്ങളെല്ലാം ഞങ്ങൾ കൊടുത്തു തീർത്തുകൊണ്ടിരിക്കുന്നു. വികസന പ്രവർത്തനങ്ങൾക്കൊന്നും അത് ബാധകമല്ല. മാനേജ്മെന്റിന്റെ ഒരു വ്യത്യാസം കൊണ്ടാണ് ഈ നേട്ടങ്ങൾ മുഴുവൻ നമ്മൾ കൈവരിച്ചിരിക്കുന്നത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കുകയുണ്ടായി എന്ന് അങ്ങ് ഇവിടെ ഉത്തരം പറയുകയുണ്ടായി. കർഷകത്തൊഴിലാളി പെൻഷന്റെ 26 മാസത്തെ ഗഡുക്കൾ ഇതുവരെയും കൊടുത്തുതീർത്തിട്ടില്ല. കർഷകത്തൊഴിലാളികൾ മാത്രമല്ല, പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന പാവപ്പെട്ട, ഏറ്റവും പിന്നണിയിൽ കിടക്കുന്ന വികലാംഗർക്കുള്ള ആനുകൂല്യം, ക്ഷയരോഗികൾക്കും കുഷ്ഠരോഗികൾക്കുമുള്ള ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ ഇതൊന്നും കൊടുത്തിട്ടില്ല. ഇപ്പോൾ ഇവിടെ പ്രമാണിമാരുടെ കുടിശ്ശികയെക്കുറിച്ചൊക്കെ പറഞ്ഞു, ഉദ്യോഗസ്ഥരെപ്പറ്റിയും പറഞ്ഞു. കർഷകത്തൊഴിലാളികൾക്ക്, പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കിട്ടിക്കൊണ്ടിരുന്ന പെൻഷൻ പദ്ധതിയിൽ ഏകദേശം 26 മാസക്കാലത്തെ കുടിശ്ശിക കിടക്കുകയാണ്. അതായത് മണ്ടുവർഷത്തെ കുടിശ്ശികയുണ്ട്. അവർക്ക് അതൊന്നും കൊടുത്തിട്ടില്ല, പക്ഷെ കൊടുത്തു എന്നാണ് ധനകാര്യവകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി പറയുന്നത്. ഇത് എങ്ങനെയാണ് പൊരുത്തമാകുന്നത് ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, കർഷകത്തൊഴിലാളി പെൻഷൻ ഒഴികെ എന്നാണ് ഞാൻ പറഞ്ഞത്. സർക്കാർ കൊടുക്കുന്ന ക്ഷേമ പെൻഷനുകളിൽ കർഷകത്തൊഴിലാളി പെൻഷനിലെ കണക്കുകൾ ഒന്നും ശരിയല്ല. ലക്ഷക്കണക്കിന് ആളുകളെ എഴുതിച്ചേർത്തിട്ടുണ്ട്. അതൊന്നും എല്ലാവർക്കും കൊടുക്കാൻ ഒരു ഗവൺമെന്റിനും കഴിയില്ല. നിങ്ങളും ഒന്നും കൊടുത്തില്ല. പക്ഷെ നിങ്ങൾ കൊടുക്കാതിരുന്ന പലതും ഞങ്ങൾ കൊടുത്തു. വിധവാ പെൻഷൻ ആയിരുന്നാലും വാർദ്ധക്യകാല പെൻഷൻ ആയിരുന്നാലും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് കൊടുക്കുന്ന എല്ലാ പെൻഷനുകളും ഈ വർഷം മാർച്ച് 31-ാം തീയതിവരെയുള്ള മുഴുവൻ തുകയും കൊടുക്കാനായി ഉത്തരവ് പാസാക്കിയിരിക്കുകയാണ്.

മി. സ്പീക്കർ: എല്ലാവർക്കും കുടിശ്ശിക വരുത്തുന്നതിനേക്കാൾ ഭേദം അർഹതപ്പെട്ടത് ഏതാണെന്ന് തീരുമാനിക്കാനുള്ള ഒരു പ്രക്രിയ തുടങ്ങുന്നതാണ്.

ശ്രീ. മത്തായി ചാക്കോ: സർ, ഈ യു.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്ന സമയത്ത് ഇറക്കിയ ധവളപത്രത്തിൽ പറഞ്ഞിരുന്നത് ഞങ്ങൾ ധനക്കമ്മി കുറയ്ക്കും, മൂലധനച്ചെലവ് കൂട്ടുമെന്നുള്ളതാണ്. ഇവിടെ വിതരണം ചെയ്തിട്ടുള്ള എ.ജി.-യുടെ Highlights of Accounts- പറയുന്നത് 2003-2004 വർഷത്തിൽ പ്ലാൻ എക്സ്പെന്റിച്ചർ 5039.18 കോടിരൂപയായിരുന്നു ബഡ്ജറ്റ് എസ്റ്റിമേറ്റ് എന്നാണ്. പക്ഷേ actuals വന്നിട്ടുള്ളത് 3119.31 ആണ്. അതായത് 61% മാത്രമേ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ചെലവഴിച്ചിട്ടുള്ളുവെന്നാണ്. ഈ അവസ്ഥയിൽ ധനക്കമ്മി കുറയ്ക്കാൻ വേണ്ടി നടപടി സ്വീകരിക്കുമെന്നുള്ള ഗവണ്മെന്റിന്റെ വാദം പൊളിഞ്ഞിട്ടില്ലേ; ധനക്കമ്മിയുടെ അവസ്ഥയെന്താണ്; അത് കുറഞ്ഞിട്ടുണ്ടോ; അതുപോലെ മൂലധനചെലവിന്റെ കാര്യത്തിൽ എന്തെങ്കിലും വർദ്ധനവ് ഈ ഘട്ടത്തിലുണ്ടായിട്ടുണ്ടോ ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, വളരെ വൈഡ് ആയിട്ടുള്ള ചോദ്യമാണ് അദ്ദേഹം ചോദിച്ചത്. ധനക്കമ്മി കൂടിയിട്ടുണ്ട്. 30-11-04-ൽ ധനക്കമ്മി 40,191 കോടി രൂപ വന്നിട്ടുണ്ട്. പക്ഷേ അതുകൊണ്ട് ഭരണം സ്തംഭിക്കുന്നില്ല. 23000 കോടി രൂപ കടം ഉണ്ടായിരിക്കുമ്പോൾ നിങ്ങളുടെ കാലത്ത് ഭരണം സ്തംഭിച്ചു. 40,000 കോടി രൂപയുടെ കടം ഉണ്ടായിട്ട് ഈ ഗവണ്മെന്റിന്റെ ഭരണം സ്തംഭിക്കുന്നില്ല. പിന്നെ കടം മാത്രമല്ല criterion. കാരണം കടത്തിന്റെ കാര്യത്തിൽ നമ്മൾ 7-ാം സ്ഥാനത്താണ്. 18 സംസ്ഥാനങ്ങൾ ഉള്ളതിൽ 7 പോയിട്ട് ബാക്കി 11 സംസ്ഥാനങ്ങളിൽ നമ്മളേക്കാൾ കൂടുതൽ കടമാണ്. വെസ്റ്റ് ബംഗാളിൽ കടം 80000 കോടിയിൽ രൂപയിൽ കൂടുതലാണ്. അതുകൊണ്ട് വെസ്റ്റ്ബംഗാളിൽ ഭരണം നടക്കാതിരിക്കുന്നില്ലേ. 80,000 കോടി രൂപയിൽ കൂടുതൽ കടമുണ്ടായിട്ടും വെസ്റ്റ് ബംഗാളിലും നല്ലപോലെ ഭരണം നടക്കുന്നു. അപ്പോൾ കടം മാത്രമല്ല ക്രൈറ്റീരിയൻ. പിന്നെ കേരളത്തിന്റെ ധനസ്ഥിതിയെക്കുറിച്ച് ആർ.ബി.ഐ. ഒരു പബ്ലിക്കേഷൻ ഇറക്കുകയുണ്ടായി. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽ ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് ഫിനാൻസ് ആന്റ് പോളിസി, അതിന്റെ ചെയർ പ്രൊഫസറായ ആളാണ് ഇതിന്റെ ചെയർമാൻ. ഇന്ദിരാ രാജാ രാമൻ. അവരാണ് ആർ.ബി.ഐ.-ക്ക് വേണ്ടി ഇത് പ്രസിദ്ധീകരിച്ചത്. ഇതിൽ ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളുടെയും കടത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. അതാണ് ഞാൻ നേരത്തെ പറഞ്ഞത്, കടത്തിന്റെ കാര്യത്തിൽ, നമ്മളേക്കാൾ ഏറ്റവും കൂടുതൽ കടം എടുത്ത പ്രധാനപ്പെട്ട 11 സംസ്ഥാനങ്ങളുണ്ട് എന്ന്. ഉത്തർപ്രദേശിലാണെങ്കിൽ 86000 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയാണ് കടം, ഇത് 2003-ലെ കണക്കാണ്. അതിനുശേഷം വളരെ കൂടിയിട്ടുണ്ട്. 2003 മാർച്ച് വരെയുള്ളത് കണക്ക് വച്ചാണ് കണക്കാക്കുന്നത്. അതുപോലെതന്നെ സാമ്പത്തികസ്ഥിതി കണക്കാക്കുന്നത് ഇതിന്റെ Debt-GSDP ratio അനുസരിച്ചാണ്. അപ്പോൾ അതുനോക്കിയാലും നമ്മൾ മെച്ചപ്പെട്ട സംസ്ഥാനങ്ങളിൽ 7-ാം സ്ഥാനത്ത് നിൽക്കുകയാണ്. വെസ്റ്റ് ബംഗാളടക്കമുള്ള മറ്റ് എല്ലാ സംസ്ഥാനങ്ങളും നമ്മളേക്കാൾ വളരെ പുറകിലാണ്. എല്ലാം ഞാൻ പറയുന്നില്ല. ഈ buoyancy എടുത്തു നോക്കിയാലും നമ്മളുടെ സംസ്ഥാനം നാലാമതാണ്. ബാക്കിയുള്ള എല്ലാ സംസ്ഥാനങ്ങളും അതിൽ പിറകിലാണ്. ആകപ്പാടെയുള്ള ranking of States according to debt sustainability നോക്കുകയാണെങ്കിൽ അതിലും നമ്മൾ 6-ാം സ്ഥാനത്താണ്. ബാക്കിയുള്ള എല്ലാ സംസ്ഥാനങ്ങളും നമ്മുടെ പിറകിലാണ്. ആ debt sustainability ആണ് മറ്റു സാമ്പത്തികഘടകത്തെപ്പറ്റിയുള്ള മൊത്തമായ വിലയിരുത്തൽ. അതിൽ നമ്മൾ 6-ാം സ്ഥാനത്താണെങ്കിൽ വെസ്റ്റ് ബംഗാളാണ് ഏറ്റവും, 'the worst'. അത് ഞാനായിട്ട് പറയുന്നതല്ല ആർ.ബി.ഐ.-യുടെ പബ്ലിക്കേഷനിൽ പറയുന്നതാണ്. നമുക്ക് സാമ്പത്തിക പരാധീനതകളുണ്ട്. ആ ബുദ്ധിമുട്ടുകൾക്കകത്തു നിന്നുകൊണ്ട് എല്ലാം വികസന പ്രവർത്തനങ്ങളും ചെയ്യുന്നുണ്ട്. നമ്മുടെ സ്ഥിതി അത്ര ആശങ്കാകുലമായ രീതിയിൽ അപകടത്തിലൊന്നുമല്ല.

ശ്രീ. മത്തായി ചാക്കോ: സർ, ഈ സഭ തുടങ്ങിയതുമുതൽ വെസ്റ്റ് ബംഗാൾ വളരെ നല്ലതാണ്, ഇവിടെ ഞങ്ങൾ മോശമാണ് എന്നാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. എങ്കിൽ വരുന്ന തെരഞ്ഞെടുപ്പ് സമയത്ത് വെസ്റ്റ് ബംഗാളിലെ തെരഞ്ഞെടുപ്പിൽ ഇവിടെനിന്ന് ഒരു യു.ഡി.എഫ്.-ന്റെ ഒരു ടീമിനെ അവിടത്തെ ഗവണ്മെന്റിന് അനുകൂലമായി പ്രചരണത്തിന് വേണ്ടി പറഞ്ഞയയ്ക്കാൻ വേണ്ടി അങ്ങ് മുൻകൈ എടുക്കണം.

ശ്രീ. വക്കം പുരുഷോത്തമൻ: ആലോചിക്കാം.

ശ്രീ. മത്തായി ചാക്കോ: പത്താം പഞ്ചവത്സരപദ്ധതിയുടെ തുടക്കം ഈ ഗവണ്മെന്റ് വന്നപ്പോഴാണ്. 4 വർഷം പൂർത്തിയായി. ഇപ്പോൾ 5-ാം വർഷം തുടങ്ങുകയാണ്. അതിന്റെ കണക്കും വന്നുകഴിഞ്ഞു. 24000 കോടി രൂപയാണ് വിഭാവന ചെയ്തിരുന്നത്. 10-ാം പദ്ധതിയിൽ ഈ യു.ഡി.എഫ്. ഗവണ്മെന്റ് ഭരിച്ച സമയത്ത് ചെലവഴിച്ചത് 11793 കോടി രൂപയാണ്. കഴിഞ്ഞ ഡിസംബർ മാസം 31-ാം തീയതി വരെ 50% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. ഈ കണക്കിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ ഗവണ്മെന്റ് ധവളപത്രം പുറപ്പെടുവിച്ച് തുടങ്ങിയ ഗവണ്മെന്റ്, 10-ാം പഞ്ചവത്സരപദ്ധതിയുടെ വികസന കാര്യത്തിൽ സമ്പൂർണ്ണമായിട്ടുള്ള പരാജയമായിരുന്നുവെന്ന് അങ്ങ് സമ്മതിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഒരു വർഷവും നമ്മൾ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള കാശ് മുഴുവൻ ചെലവഴിച്ചിട്ടില്ല. പ്ലാൻ കട്ട് എല്ലാ വർഷവും ഉണ്ടായിട്ടുണ്ട്; എൽ.ഡി.എഫ് ഭരിച്ചപ്പോഴും ഉണ്ടായിട്ടുണ്ട്; യു.ഡി.എഫ്.

LIBRARY ARCHIVES Kerala Legislative Assembly

ഭരിച്ചപ്പോഴും ഉണ്ടായിട്ടുണ്ട്. പക്ഷേ അതിൽ എത്ര ചെലവാക്കി എന്നുള്ളതാണ്. നമ്മൾ അവിടത്തെ എസ്റ്റിമേറ്റിന്റെ പെർസന്റേജ് വച്ച് വിലയിരുത്തിയിട്ടുണ്ട്. പ്ലാൻ കട്ട് ഉള്ളപ്പോഴും ഇല്ലാത്തപ്പോഴുമെല്ലാം എത്രവീതം വച്ച് നമ്മൾ ചെലവാക്കി. അത് നിങ്ങളുടെ അവസാനവർഷം മുതൽ തുടങ്ങാം 2000-2001. അന്ന് ബഡ്ജറ്റിന്റെ 83.6% ആണ് ചെലവാക്കിയിട്ടുള്ളത്. 2001-02-ൽ 83.9% ആണ് ചെലവാക്കിയിട്ടുള്ളത്. 2002-03-ൽ അത് 98% വരെ ചെലവാക്കാൻ കഴിഞ്ഞു. 2003-2004-ൽ 85.2% ആണ് ചെലവാക്കിയിട്ടുള്ളത്. 2004-05-ലും കട്ട് ഉണ്ടായെങ്കിലും പണ്ട് ചെലവാക്കിയതിനൊപ്പമോ അതിൽ പല വർഷത്തേക്കാൾ കൂടുതലോ നമ്മൾ ചെലവാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷവും കട്ട് ഉണ്ടായെങ്കിലും ചെലവ് വലുതായി കുറഞ്ഞിട്ടില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇന്ന് സെയിൽസ് ടാക്സ് മേഖലയിൽ കോടിക്കണക്കിന് രൂപ കുടിശ്ശികയായി കിടക്കുന്നു. ധാരാളം കേസുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നു. ഫൈനാൻഷ്യൽ കണ്ടിഷൻ മെച്ചമാക്കാൻ ഈ കെട്ടിക്കിടക്കുന്ന കേസുകളുടെ One Time Settlement-നായി ഒരു സെറ്റിൽമെന്റ് കമ്മിഷനെ നിയമിക്കാൻ ഈ സർക്കാർ തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അതിന്റെ തീരുമാനം എടുത്തുകഴിഞ്ഞു, സെറ്റിൽമെന്റ് കമ്മിഷനെ നിയമിച്ചു കഴിഞ്ഞു. അതിന്റെ അടിയന്തരനടപടികൾ ഉണ്ടാകും പക്ഷേ എങ്കിലും ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ടത്, കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നമ്മുടെ ആത്മാർത്ഥമായ പരിശ്രമം നടത്തണം. കഴിഞ്ഞ വർഷത്തേക്കാൾ ആയിരത്തിൽ ചില്വാനം കോടി രൂപ ഈ സാമ്പത്തിക വർഷം അധികമായി പിരിച്ചെടുക്കണം. അടുത്ത വർഷം എതാണ്ട് 1500 കോടി രൂപയോളം കൂടുതൽ പിരിക്കാനാണ് ഇപ്പോൾ പ്ലാൻ ഇട്ടിരിക്കുന്നത്. അപ്പോൾ കിട്ടേണ്ട കാശ്, തരേണ്ട കാശ് പരമാവധി എങ്ങനെ കളക്റ്റ് ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കുന്നുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി.: സർ, കേരളം വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തും ദേശീയ ശരാശരിയേക്കാൾ വളരെ മുന്നിലായതുകൊണ്ട്, ഈ രംഗത്ത് നമുക്ക് വേണ്ടത്ര കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; കേരളത്തിന്റെ വികസനത്തിലെ ഈ സെക്കന്റ് ജനറേഷൻ പ്രോബ്ലം പരിഹരിക്കാൻ കേന്ദ്രത്തിൽ പുതിയ വാദഗതികൾ ഉന്നയിച്ചുകൊണ്ട് കൂടുതൽ ധനസഹായം ലഭിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ ഈ സർക്കാർ നടത്തുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അതെല്ലാം നിരന്തരമായി നടത്തിയിട്ടുണ്ട്. മെച്ചമുണ്ടാകുമെന്നായിരുന്നു നമ്മുടെ പ്രതീക്ഷ. നേരത്തെ പ്രതിപക്ഷത്ത് നിന്ന് പല മെമ്പർമാരും പറഞ്ഞതു പോലെ അതായിരുന്നു പ്രതീക്ഷ. പക്ഷേ അവർ ജനറൽ ആയി ഈ അടുത്ത കാലത്ത് സ്വീകരിച്ചുവരുന്ന പോളിസിയിൽത്തന്നെ ഉറച്ചുനിന്ന് വികസനത്തിന് അനുസൃതമായി ഷെയർ കുറയ്ക്കുകയാണ് ചെയ്തത്. നമ്മൾ പറയാനുള്ളതെല്ലാം പോയി പറഞ്ഞു. അതാണ് ഞാൻ നേരത്തെ പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ കൂടുതൽ വികസനം നടത്തിയതിനെ മെയിന്റയിൻ ചെയ്യാൻപോലും കൂടുതൽ പണം വേണം. അത് നിലനിർത്താൻ വിദ്യാഭ്യാസരംഗത്തായിരുന്നാലും ആരോഗ്യരംഗത്തായിരുന്നാലും നമ്മുടെ നേട്ടങ്ങൾ നിലനിർത്തുന്നതിനുള്ള മെയിന്റനൻസിന് കൂടുതൽ പണം വേണം. അതുകൊണ്ട് നേട്ടം ഉണ്ടായതിന്റെ പേരിൽ ശിക്ഷിക്കരുതെന്ന് ഫിനാൻസ് കമ്മിഷന്റെ മുമ്പിൽ ഞാനും, മുഖ്യമന്ത്രിയും എല്ലാം പറഞ്ഞതാണ്. പക്ഷേ അത് പുറത്ത് വന്നിട്ടില്ലെങ്കിലും ആശാവഹമായ ഫലമല്ല ഉണ്ടായിട്ടുള്ളത്.

ശ്രീ. പി. ശങ്കരൻ: സർ, ബംഗാൾ ഇന്ന് ചിന്തിക്കുന്നത് ഇൻഡ്യ നാളെ ചിന്തിക്കുന്നു എന്നാണ് പറയാറുള്ളത്. ബംഗാളിൽ ബുദ്ധദേവ് ഭട്ടാചാര്യയുടെ നേതൃത്വത്തിൽ നടക്കുന്ന മീതിയിൽ സാമ്പത്തിക പരിഷ്കരണ നടപടികൾ കേരളത്തിൽ നടപ്പിലാക്കാൻ പ്രതിപക്ഷത്തിന്റെ സഹായം ലഭിക്കുമെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: അവരുടെ സഹായം ലഭിക്കണമെന്നാണ് എന്റെ ആഗ്രഹം. അതിനുവേണ്ടി ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. സാജു പോൾ: സർ, ചെലവ് ചുരുക്കിയാണ് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തിയത് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ആയിരക്കണക്കിന് തസ്തികകൾ ഇതിന്റെ ഭാഗമായി വെട്ടിക്കുറയ്ക്കുകയും ചെയ്തു. എന്നാൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഉദ്യോഗസ്ഥർ, സി.ഇ. മാർ തുടങ്ങിയവരുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ല. മന്ത്രിമാരുടെ എണ്ണം കൂട്ടുകയും ചെയ്തു. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ വേണ്ടി കേരളത്തോട് അങ്ങേയറ്റത്തെ പ്രതിബദ്ധതയുള്ള ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി, ഉയർന്ന ശമ്പളം പറ്റുന്ന, അനാവശ്യ തസ്തികകളിലിരിക്കുന്ന ഉദ്യോഗസ്ഥരുടെ തസ്തിക വെട്ടിക്കുറച്ചും മന്ത്രിമാരുടെ എണ്ണം കുറയ്ക്കുന്നതടക്കമുള്ള നടപടികളെടുത്തും മാതൃക കാട്ടാൻ തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: മന്ത്രിമാരോട് ഇത്രയും അസൂയ തോന്നേണ്ട കാര്യമുണ്ടോ? ഓരോ കാലഘട്ടത്തിന്റെ സാഹചര്യമനുസരിച്ച് മന്ത്രിമാരുടെ എണ്ണം തീരുമാനിക്കുന്നു. അതൊക്കെ ഒരു ധനകാര്യമന്ത്രി മറുപടി പറയേണ്ട കാര്യമാണോ? പിന്നെ ആൾ ഇൻഡ്യാ സർവീസ് ഓഫീസേഴ്സ് അവർ ഒരു മസ്റ്റാണ്. അവരെപ്പറ്റി എന്തു കുറ്റം പറഞ്ഞാലും അവർ ഒരു necessary evil ആണ്. അവരെക്കൂടാതെ നമുക്ക് കഴിയില്ല.

ശ്രീ. വർക്കല കഹാർ: സർ, നായനാർ ഗവൺമെന്റിന്റെ ഭരണകാലത്ത് നിയമിച്ച ആയിരക്കണക്കിന് വരുന്ന പ്ലസ്ടു അദ്ധ്യാപകരുടെ അപ്പോയിന്റ്മെന്റ് അപ്രൂവ് ചെയ്ത് ശമ്പളവും കുടിശ്ശികയും കൊടുത്തത് നമ്മുടെ സാമ്പത്തിക സ്ഥിതിയെ എങ്ങനെ ബാധിച്ചു; അതോടൊപ്പംതന്നെ അന്ന് കൊടുക്കാതിരുന്ന കേന്ദ്ര ഡി.എ. ഗഡുക്കൾ മുഴുവൻ കൊടുത്തുതീർത്തതും നമ്മുടെ സാമ്പത്തിക സ്ഥിതിയെ എങ്ങനെ ബാധിച്ചു എന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അത് സാമ്പത്തിക സ്ഥിതിയെ വളരെ കാര്യമായി ബാധിച്ച കാര്യങ്ങളാണ്. പ്ലസ് ടുവിന്റെ അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തതുകൊണ്ടുമാത്രം മുന്നൂറ് കോടി രൂപയിൽ കൂടുതൽ ഒറ്റയടിക്ക്, ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് ചെലവഴിക്കേണ്ടി വന്നു. വിദ്യാഭ്യാസ മംഗം മെച്ചപ്പെടുത്തുന്നതിനും അർഹരായവർക്ക് ശമ്പളം നൽകുന്നതിനുമെല്ലാം മൊത്തമായി പറയുകയാണെങ്കിൽ ഈ വർഷംതന്നെ നമുക്ക് ബഡ്ജറ്റിനേക്കാൾ വളരെക്കൂടുതൽ പണം ചെലവഴിക്കേണ്ടി വന്നു. എന്നാലും ആ സെക്ടർ ഒരു കോർ സെക്ടറാണ്. അതുകൊണ്ട് അവിടെ വലിയ നിയന്ത്രണം നടത്തി; വിദ്യാഭ്യാസത്തിന്റെ മാവി നശിപ്പിക്കാൻ ഈ ഗവൺമെന്റിന് ആഗ്രഹമില്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഈ ഗവൺമെന്റ് സാമ്പത്തിക നിയന്ത്രണം നല്ലപോലെ നടപ്പിലാക്കുന്നു എന്ന് പറയുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യകാലഘട്ടത്തിൽത്തന്നെ കേരള വനിതാ കമ്മിഷനെ പിരിച്ചുവിട്ടപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പറഞ്ഞിരുന്നത് സാമ്പത്തിക പ്രതിസന്ധിയുണ്ട്, അതുകൊണ്ട് ചെലവുകുറയ്ക്കാനാണെന്നാണ്. പക്ഷെ ഈ അടുത്ത ദിവസം 18 പേരെ പി.എസ്.സി.-യിലേക്ക് നിയമിച്ച് അംഗസംഖ്യ വർദ്ധിപ്പിച്ചുകൊണ്ട് ഭീമമായ ചെലവാണ് ഗവൺമെന്റ് വരുത്തിവച്ചിട്ടുള്ളത്. ഇപ്പോൾ ഒരു ജന്മാ പി.എസ്.സി.-യാണ് കേരളത്തിൽ എന്ന് എല്ലാപേരും ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടായി. ഇപ്പോൾ ഒരേ സമയം ഇരട്ടത്താപ്പുനയം സ്വീകരിക്കുന്ന ഒരു സമീപനമല്ലേ ഈ കാര്യത്തിൽ ഗവൺമെന്റ് എടുക്കുന്നത്? അപ്പോൾ സാമ്പത്തിക നിയന്ത്രണമെന്നൊക്കെ പറയുന്നത് വെറുതെയാണ്. ഗവൺമെന്റിന്റെ താൽപ്പര്യത്തിന് അനുസരിച്ചുള്ള സമീപനം സ്വീകരിക്കുകയല്ലേ യഥാർത്ഥത്തിൽ ഇക്കാര്യത്തിൽ ചെയ്യുന്നത്?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അല്ല, ഓരോ സ്ഥാനങ്ങളിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നത് അതിന്റെ പ്രയോറിറ്റി സെക്ടർ നോക്കിയാണ് . ഒഴിവാക്കാവുന്ന മേഖലകളിൽ ഒഴിവാക്കുക, വലിയ അപകടങ്ങളൊന്നും വരാത്ത രീതിയിൽ ആ മേഖലകൾ ഒഴിവാക്കുക, അതേ സമയത്ത് പി.എസ്.സി. വളരെ പ്രധാനമല്ലേ? നമുക്ക് നൂറ് ഒഴിവുണ്ടെങ്കിൽ ആ നൂറ് ഒഴിവിനുവേണ്ടി അടിയന്തരമായി ആളെ കിട്ടണം. അതുകൊണ്ട് അതിന്റെ എഫിഷ്യൻസി കൂട്ടാൻ.....

ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ: അപ്പോൾ ഇത് പ്രധാനമല്ല എന്നാണോ പറയുന്നത്?

ശ്രീ. വക്കം പുരുഷോത്തമൻ: ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ ഞാൻ പി. എസ്. സി.-യുടെ കാര്യമാണ് പറയുന്നത്. അതിന്റെ എഫിഷ്യൻസി കൂട്ടാൻ, നമ്മൾ ആവശ്യപ്പെട്ട ഉദ്യോഗാർത്ഥികളെ ഉടൻതന്നെ ഇന്റർവ്യൂ ചെയ്ത് ക്വാളിഫൈഡ് ആയിട്ടുള്ള ആളുകളുടെ ലിസ്റ്റ് അടിയന്തരമായി തരാൻ അവിടത്തെ മെമ്പർമാരുടെ എണ്ണത്തിന്റെ കുറവ് ഒരു കാരണമായി തീരരുത് എന്നുള്ളതുകൂടി കണക്കിലെടുത്തുകൊണ്ടാണ് പി.എസ്.സി. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി: സർ, സാമ്പത്തിക മേഖല തകർന്ന് തരിപ്പണമായ സാഹചര്യത്തിലാണ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഇപ്പോൾ വലിയ ആശങ്കയ്ക്ക് വഴിയില്ലെങ്കിലും നല്ല നിലയിൽ പ്രതീക്ഷാഭരിതമായ അവസ്ഥയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്..... പക്ഷെ കഴിഞ്ഞ പത്തുവർഷക്കാലത്തെ മൂലധന നിക്ഷേപം എടുത്ത് പരിശോധിച്ചുനോക്കിയാൽ വളരെ കുറഞ്ഞതായി കാണാം. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മൂലധനനിക്ഷേപം നടത്തുന്ന കാര്യത്തിൽ ശക്തമായ നടപടി കൈക്കൊണ്ടിട്ടുണ്ടോ; അല്ലെങ്കിൽ അതിന് കൂടുതൽ പ്രയോറിറ്റി നൽകി വേണ്ട നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ധനസ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട് എന്ന് ഇവിടെ പറയുകയുണ്ടായി. ധനസ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് നമ്മുടെ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട പട്ടികജാതിക്കാരുടെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, പോക്കറ്റ് മണി, മെസ്ഫീസ് എന്നിവ നൽകാതിരിക്കുന്നത്? പല ഹോസ്റ്റലുകളും ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. മെസ് ഫീസ് ലഭിക്കാത്തതുകൊണ്ട് പല കുട്ടികളും പട്ടിണിയിലാണ്. ഇതു സംബന്ധിച്ച വാർത്തകൾ എല്ലാ ദിവസവും വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ധനസ്ഥിതി മെച്ചപ്പെട്ട സ്ഥിതിക്ക് ഈ പാവപ്പെട്ട കുട്ടികളുടെ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, പോക്കറ്റ് മണി, മെസ്ഫീസ് എന്നിവ അടിയന്തരമായി കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, തീർച്ചയായിട്ടും ചെയ്യാമെന്ന് മാത്രമല്ല, ഇപ്പോൾ സാമ്പത്തിക സ്ഥിതി വളരെ മെച്ചമായി എന്നൊന്നും ഞാൻ അവകാശപ്പെടില്ല; എന്റെ ഉത്തരത്തിൽ സാമ്പത്തിക സ്ഥിതി മെച്ചമായിക്കൊണ്ടിരിക്കുന്നു എന്നാണ് പറഞ്ഞത്. മെച്ചമായിട്ടില്ല, ഇപ്പോൾ ട്രഷറി നിയന്ത്രണമുണ്ട്. അത് ഗവൺമെന്റ് വന്നശേഷം തുടങ്ങിയതല്ല, അതിന് മുൻപും ഉള്ളതാണ്. പക്ഷെ ഞങ്ങൾ ഇപ്പോൾ പരിശോധിച്ചു, ഇപ്പോൾ എല്ലാ കാര്യങ്ങൾക്കും ഒരു കാലഘട്ടത്തിൽ ട്രഷറി നിയന്ത്രണം വരുന്ന ഏർപ്പാടാണ് ഉള്ളത്. അത് മാറ്റാൻ പോകുകയാണ്. ചില സെക്ടറുകളിൽ ട്രഷറി നിയന്ത്രണമേയില്ല. 31 ദിവസവും മാറത്തക്കവണ്ണം,ഒരു നിശ്ചിത പരിധിക്ക് താഴെയുള്ള തുക ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള സെക്ടറുകളിൽ മാറ്റുന്നതിനുള്ള അനുഭവം തുടങ്ങിയവ പരിശോധിക്കുകയാണ്. അത് പരിശോധിച്ചിട്ട് കുറെ സെക്ടറുകളെ പൂർണ്ണമായി ട്രഷറി ബാനിൽ നിന്ന് ഒഴിവാക്കണമെന്നതു സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ചന്ദ്രശേഖരൻ: ഈ ഗവൺമെന്റ് നികുതി കളക്ട് ചെയ്തിട്ടുണ്ടെങ്കിലും അതിനെയെല്ലാം അതിജീവിക്കത്തക്ക നിലയിൽ ശമ്പളച്ചെലവും പെൻഷൻ ചെലവും പലിശച്ചെലവും വർദ്ധിച്ചുവെങ്കിൽ ബഡ്ജറ്റ് കമ്മി കുറച്ചുകൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. ഈ ട്രെൻഡ് നിലനിർത്തിയാൽ എന്നത്തേക്ക് നമ്മുടെ ബഡ്ജറ്റ് കമ്മി ഇല്ലാതാക്കാൻ കഴിയും?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അതിനുള്ള ചില ശ്രമങ്ങളാണ് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. പരിപൂർണ്ണമായി ഇന്നത് ഇന്നത് എന്ന് മാറ്റാൻ കഴിയുമെന്ന് എനിക്ക് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. 2009-ൽ എന്ന് ഞാൻ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. അതാണ് ലക്ഷ്യം. 2007-ൽ ഏതായാലും സാദ്ധ്യമല്ല. 2009-ൽ എങ്കിലും ആക്കാൻ ഞാൻ ഹൗസിന്റെ അനുവാദവും ചോദിച്ചിട്ടുണ്ട്. എന്നല്ലാതെ പൂർണ്ണമായി എന്നുതീരുമെന്ന് ഇപ്പോൾ ആധികാരികമായി പറയാൻ കഴിയില്ല. ഏതായാലും കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം കമ്മി കുറവായിരിക്കും.

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് ഉത്തരവായി കിട്ടേണ്ടത് എങ്ങനെയും വാങ്ങുമെന്ന് പറഞ്ഞിരുന്നു. കേന്ദ്രത്തിൽ നിന്നുള്ള വിഹിതം വാങ്ങുന്നതിൽ കേരളം ഏറ്റവും പിന്നിലാണ്. കണ്ണൂർ ജില്ലയിൽ കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനവിഹിതമായ 20 ശതമാനം വയ്ക്കാത്തതിനാൽ പദ്ധതി വിഹിതത്തിൽ നൂറ്റി മുപ്പത്തിനാല് ലക്ഷം രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. ഇത് എല്ലാ ജില്ലകളിലും ഉള്ളതാണ്. ഇതേക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇതിൽ എന്ത് നടപടിയാണ് അങ്ങ് സ്വീകരിക്കുന്നത്?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, പ്രത്യേകമായി ചോദിച്ചാൽ ഉത്തരം നൽകാം.

ശ്രീ. എ. സുജനപാൽ: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അവസാനത്തെ ബഡ്ജറ്റ് അവതരിപ്പിച്ച അന്നത്തെ ധനകാര്യവകുപ്പ് മന്ത്രി ശ്രീ. ടി. ശിവദാസമേനോൻ കേരളത്തിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുവേണ്ടി എ.ഡി.ബി.-യുടെ സഹായത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഇതിനെത്തുടർന്ന് ഈ ഗവൺമെന്റ് വന്നതിനുശേഷം എ.ഡി.ബി.യുമായി ചർച്ച നടത്തി. ഇപ്പോൾ കേരളത്തിൽ നഗര വികസനത്തിനുവേണ്ടിയും ചേരി നിർമ്മാർജ്ജനത്തിനു വേണ്ടിയുമൊക്കെ ഒട്ടനവധി പദ്ധതികൾക്ക് എ.ഡി.ബി. ധനസഹായവും ലോണുമൊക്കെ നൽകാമെന്നുള്ള ചില നിർദ്ദേശങ്ങൾ ഉണ്ടെന്നാണ് അറിയുന്നത്. എ.ഡി.ബി.-യുമായുള്ള ചർച്ചകൾ എവിടെവരെ എത്തി; അത് കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ സഹായിക്കുമോയെന്നുള്ള കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; ആ ചർച്ചകളുടെ പുരോഗതിയെക്കുറിച്ച് നിയമസഭയിൽ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: സർ, എ.ഡി.ബി.യുമായുള്ള ചർച്ചകൾ തുടരുകയാണ്. അത് വളരെ ഫ്രൂട്ട്ഫുൾ ആയിട്ടുതന്നെ പുരോഗമിക്കുകയാണ്. അത് എന്നത്തേക്ക് ഫലപ്രാപ്തിയിൽ എത്തുമെന്ന് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതാണ്. അത് ഈ ഗവൺമെന്റ് ഫലപ്രാപ്തിയിൽ കൊണ്ടുവരുന്നു. അതിനെ ഇപ്പോൾ അവർ എതിർക്കുന്നു. അതിൽ കൂടുതൽ ഒരു രാഷ്ട്രീയവും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. വി.കെ. ചന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി ഏതാണ്ട് പരിഹരിക്കപ്പെട്ടു എന്നാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് ഓൺഗോയിംഗ് വർക്കുകൾ ഉൾപ്പെടെ എന്റെ നിയോജകമണ്ഡലത്തിലെ തൃത്താല, വെള്ളിയാങ്കല്ല് Regulator-cum-bridge ഉണ്ട്. ഒരു പൈസ പോലും ബഡ്ജറ്റിൽ മാറ്റിവച്ചിട്ടില്ല. അതുപോലെ നമ്മുടെ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന ഫണ്ടിൽകാര്യമായ രൂപത്തിൽ വെട്ടിക്കുറവ് നടത്തി യാതൊരു തരത്തിലുള്ള വികസന പ്രവർത്തനവും സംസ്ഥാനത്ത് നടക്കുന്നില്ല. മന്ത്രിയാണെങ്കിൽ ഇതെല്ലാം പരിഹരിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നു. പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഇത്തരത്തിലുള്ള ഓൺ ഗോയിംഗ് വർക്കുകൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു പിടിച്ചെടുത്ത തുക തിരിച്ചു നൽകാനും അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, പഞ്ചായത്തുകൾക്ക് കൊടുത്ത തുകയെക്കുറിച്ചും മറ്റും ഞാൻ ബഡ്ജറ്റിന്റെ ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ പറയാം. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യമാണെങ്കിൽ അദ്ദേഹം എന്റെ കയ്യിൽ ഒരു പെറ്റിഷൻ തന്നിട്ടുണ്ട്. അത് പരിശോധിക്കാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം

2(*179) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ:
ശ്രീ. എ. കെ. മണി :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരെ 58-ാമത്തെ വയസ്സിലോ 60-ാമത്തെ വയസ്സിലോ റിട്ടയർ ചെയ്യാൻ അനുവദിക്കുന്നപക്ഷം സംസ്ഥാന സർക്കാരിന് ചെലവ് കുറയ്ക്കാൻ കഴിയുമോ;

(ബി) എങ്കിൽ എത്രകണ്ട് കുറയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?